ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

പള്ളിയറ ശ്രീധരൻ

# ജോൺ നേപ്പിയർ



> വാനശാസ്ത്രം, നാവിഗേഷൻ, കച്ചവടം, എൻജിനീയറിംഗ്, യുദ്ധശാസ്ത്രം തുടങ്ങി നിരവധി മേഖലകളിൽ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും നേപ്പിയറിന്റെ ഏറ്റവും മികച്ച കണ്ടുപിടുത്തമായി അറിയപ്പെടുന്നത് ലോഗരിതമാണ്. ഗണിതക്രിയകൾ അത്ഭുതകരമായ രീതിയിൽ ചെയ്യാൻ സാധിക്കുന്ന ലോഗരിതത്തിന്റെ കണ്ടുപിടുത്തം പില്ക്കാലത്ത് ഗണിതശാസ്ത്രം വളരെ വേഗത്തിൽ വികസിക്കുന്നതിന് വഴി തുറന്നു.

**ലോ**ഗരിതത്തിന്റെ ഉപജ്ഞാതാവായ ജോൺ നേപ്പിയർ സ്കോട്ട്ലണ്ടിലെ എഡിൻബറോയിൽ 1550ൽ ജനിച്ചു. അദ്ദേഹത്തിന്റെ ജനനസമയത്ത് പിതാവിന് കഷ്ടിച്ച് 16 വയസ്സ് മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളൂ.

നേപ്പിയറിന്റെ ആദ്യകാല ജീവിതത്തെപ്പറ്റി കൂടുതൽ വിവരങ്ങളൊന്നും ലഭ്യമല്ല. 13-ാം വയസ്സിൽ സെന്റ് ആൽബ്യൂണിലുള്ള സെന്റ് സാൽവെറ്റേഴ്സ് കോളജിൽ പഠിച്ചെങ്കിലും ബിരുദം നേടാതെ പഠനം മതിയാക്കി. പിന്നീട് പതിനൊന്നു വർഷക്കാലം യൂറോപ്പിൽ ചുറ്റി സഞ്ചരിച്ചു. 1578ൽ എലിസബത്തിനെ വിവാഹം ചെയ്തു. ഒരു പുത്രൻ പിറന്നതോടെ ഭാര്യ മരിച്ചു. പിന്നീട് ആഗ്നസിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ചു പുത്രന്മാരും അഞ്ചു പുത്രിമാരുമുണ്ടായിരുന്നു.

വാനശാസ്ത്രം, നാവിഗേഷൻ, കച്ചവടം, എൻജിനീയറിംഗ്, യുദ്ധശാസ്ത്രം തുടങ്ങി നിരവധി മേഖലകളിൽ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും നേപ്പിയറിന്റെ ഏറ്റവും മികച്ച കണ്ടുപിടുത്തമായി അറിയപ്പെടുന്നത് ലോഗരിതമാണ്. ഗണിതക്രിയകൾ അത്ഭുതകരമായ രീതിയിൽ ചെയ്യാൻ സാധിക്കുന്ന ലോഗരിതത്തിന്റെ കണ്ടുപിടുത്തം പില്ക്കാലത്ത് ഗണിതശാസ്ത്രം വളരെ വേഗത്തിൽ വികസിക്കുന്നതിന് വഴി തുറന്നു.

അങ്കഗണിതത്തിലെ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ നാല് അടിസ്ഥാന ക്രിയകളിൽ സങ്കലനവും വ്യവകലനവും പൊതുവെ ലളിതമാണെന്ന് പറയാം. വലിയ സംഖ്യകൾകൊണ്ടുള്ള ഗുണനവും ഹരണവും കൂടുതൽ സങ്കീർണമാണ്.

വർഗം, വർഗമൂലം, മൂന്നാംകൃതി, നാലാംകൃതി, അഞ്ചാംകൃതി തുടങ്ങിയ ഗണിതക്രിയകൾ വളരെ വിഷമകരമായി അനുഭവപ്പെടുന്നു. ലോഗരിതത്തിൽ ഗുണനക്രിയ സങ്കലനക്രിയയായി മാറുന്നു. ഹരണം വ്യവകലനമായും മാറുന്നു. ഗണിതക്രിയകൾ ഇത്രയേറെ ലഘൂകരിക്കപ്പെടുന്നതിനുള്ള കാരണം ഈ ക്രിയാമാറ്റമാണെന്നു പറായം.

സർ ഐസക്ക് ന്യൂട്ടന്റെ ആകർഷണ സിദ്ധാന്തത്തിന്റെ കണ്ടുപിടുത്തത്തിലും കെപ്ലളിന്റെ ജ്യോതിശാസ്ത്ര കണ്ടുപിടുത്തത്തിലും ലോഗരിതം വളരെയേറെ സഹായിക്കുകയുണ്ടായി. നേപ്പിയർ രചിച്ച "Mirifici Logarithmorum Canonis Description" എന്ന ഗ്രന്ഥത്തിലാണ് ലോഗരിതത്തെപ്പറ്റി വിശദീകരിച്ചിട്ടുള്ളത്. ആധുനിക കമ്പ്യൂട്ടറുകളുടെ പ്രചാരം നിമിത്തം ലോഗരിതത്തിന്റെ പ്രചാരത്തിന് മങ്ങലേറ്റിട്ടുണ്ടെങ്കിലും കഴിഞ്ഞ കുറച്ചു നൂറ്റാണ്ടുകളിൽ ലോകത്തിൽ എല്ലായിടത്തും ലോഗരിതം വൻ പ്രചാരം നേടി.

നേപ്പിയറിന്റെ മറ്റൊരു പ്രധാന കണ്ടുപിടുത്തം നേപ്പിയർ കോലുകളാണ്. ഏതാനും ചീളുകൾ ഉപയോഗിച്ച് ഗുണനം ലഘൂകരിക്കാനുള്ള ഒരു പ്രായോഗിക ഉപകരണമാണ് നേപ്പിയർ കോലുകൾ. കമ്പ്യൂട്ടറുകളുടെ പ്രചാരം ഇതിന്റെ പ്രാധാന്യവും കുറച്ചിട്ടുണ്ട്.

സ്വകാര്യമായ മറ്റ് ചില കണ്ടുപിടുത്തങ്ങളും നേപ്പിയർ നടത്തിയിരുന്നു. അവയിൽ ഒന്ന് ശത്രുക്കളുടെ വെടിയിൽനിന്ന് രക്ഷപ്പെട്ടുകൊണ്ട് സഞ്ചരിക്കാൻ സഹായിക്കുന്ന ലോഹനിർമിതമായ ഒരു രഥമായിരുന്നു. മറ്റൊന്ന് കടലിനടിയിലൂടെ സഞ്ചരിക്കാൻ സഹായിച്ചിരുന്ന ചെറിയ കപ്പലായിരുന്നു. മുകളിൽ ഘടിപ്പിച്ചിരിക്കുന്ന കണ്ണാടിയിലൂടെ ശത്രുക്കളുടെ നീക്കങ്ങൾ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു.

നേപ്പിയർ ഒരു മാന്ത്രികൻ എന്ന നിലയിലും അറിയപ്പെട്ടിരുന്നു. ചെറിയപെട്ടിയിൽ ഒരു കറുത്ത എട്ടുകാലിയെ കൊണ്ടു നടക്കാറുണ്ടായിരുന്നുവത്രെ! ഇത് സത്യമായാലും അല്ലെങ്കിലും ലോഗരിതത്തിന്റെ ഉപയോഗം ഗണിതക്രിയകളിൽ ഒരു മാന്ത്രികവിദ്യ തന്നെയെന്ന് സമ്മതിക്കാതെ തരമില്ല. കാരണം ലോഗരിതം കണ്ടുപിടിക്കുന്നതിനു മുമ്പ് ഗണിതക്രിയകൾ വളരെ ദുഷ്കരമായിരുന്നു.

ആധുനിക കാൽക്കുലേറ്ററുകളുടെ മുത്തച്ഛൻ എന്ന വിശേഷണത്തിനുകൂടി അർഹനായ നേപ്പിയർ 1617 ഏപ്രിൽ 4ന് അന്തരിച്ചു. ❖

>> 9

# പൊതുതാത്പര്യ ഹർജികൾ എന്ത്, എന്തിന്?

> **ഒരു പൊതുതാത്പര്യ ഹർജിയിലെ വസ്തുതകളുടെ മേന്മയും വസ്തുതാപരമായ പ്രത്യേകതകളും കണക്കിലെടുത്ത് അതിലിടപെടാൻ കോടതികൾക്ക് വിവേചനാധികാരമുണ്ട്. ഭരണഘടനയുടെ സൂക്ഷിപ്പുകാരൻ കോടതി ആയതുകൊണ്ട് ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ജീവിക്കാനുള്ള അവകാശ (Article 21)ത്തിന്റെ വിപുലവും വ്യാപകവുമായ വ്യാഖ്യാനത്തിലൂടെയാണ് പൊതുതാത്പര്യ ഹർജികളിൽ അനുകൂല ഉത്തരവുകളുണ്ടാകുന്നത്.**

ഒരു പൊതുതാത്പര്യ ഹർജിയിലെ വസ്തുതകളുടെ മേന്മയും വസ്തുതാപരമായ പ്രത്യേകതകളും കണക്കിലെടുത്ത് അതിലിടപെടാൻ കോടതികൾക്ക് വിവേചനാധികാരമുണ്ട്. ഭരണഘടനയുടെ സൂക്ഷിപ്പുകാരൻ കോടതി ആയതുകൊണ്ട് ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന ജീവിക്കാനുള്ള അവകാശ (Article 21)ത്തിന്റെ വിപുലവും വ്യാപകവുമായ വ്യാഖ്യാനത്തിലൂടെയാണ് പൊതുതാത്പര്യ ഹർജികളിൽ അനുകൂല ഉത്തരവുകളുണ്ടാകുന്നത്.

ചീഫ് ജസ്റ്റിസിന്റെയോ ഹൈക്കോടതിയുടെയോ പേരിൽ അയച്ചു കിട്ടുന്ന കത്തുകൾ പോലും (ആ കത്ത് പൊതുതാത്പര്യത്തെ മുൻ നിർത്തിയാണെന്ന് ബോധ്യമായാൽ) പൊതുതാത്പര്യ ഹർജിയായി സ്വീകരിച്ചിട്ടുണ്ട്. (ഉദാ: മുരിങ്ങൂർ ധ്യാനകേന്ദ്രത്തിനെതിരെയുള്ള കേസ് ഊമക്കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു).

നിയമപരമായി ലഭിച്ചതോ, മൗലികാവകാശങ്ങളോ സ്വാഭാവിക നീതിയോ (Natural Justice) വഴി ലഭിക്കേണ്ടതോ ആയ ഏതെങ്കിലും ഒരവകാശം ലംഘിക്കപ്പെട്ടാലേ പൊതുതാത്പര്യ ഹർജി വിജയിക്കുകയുള്ളൂ. എന്നാൽ ഭരണഘടനയുടെ നാലാംഭാഗത്ത് നല്കിയിട്ടുള്ള നിർദേശകതത്ത്വങ്ങൾ (Directive Principles of State Policy ) ഭരണഘടനാപരമായ ലക്ഷ്യമായതിനാൽ അവ അവകാശങ്ങളാണെന്ന് കരുതാമെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

പുകവലി നിരോധനം, തുല്യജോലിക്ക് തുല്യവേതനം, കുട്ടികളുടെ ആരോഗ്യ സുരക്ഷ, അടിമത്തൊഴിൽ അവസാനിപ്പിക്കൽ, അവരുടെ പുനരധിവാസം (Neeraj Chowdhary V State of MP- AIR 1984, Sc 1099), തൊഴിലാളികൾക്ക് മിനിമം കൂലി (Mukesh Adwani Case AIR 1985, Sc 1363), ബാലവേല നിർത്തലാക്കൽ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കൽ, ജയിലുകളിലെ മനുഷ്യാവകാശ ധ്വംസനം, റാഗിംഗ് നിർത്തലാക്കൽ, സ്വർണാഭരണങ്ങളുടെ ഹാൾ മാർക്കിംഗ്, റോഡുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങി നാട്ടാനകളുടെ സംരക്ഷണം വരെയുള്ള കാര്യങ്ങൾ സാധിതമാക്കിയത് പൊതു താത്പര്യ ഹർജികളിലൂടെയാണ്.

സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് വളരെയധികം സഹായിച്ചിട്ടുള്ള പൊതുതാത്പര്യ ഹർജികൾ, പലരും ദുരുപയോഗിക്കാൻ തുടങ്ങിയതോടെ ഇത്തരം ഹർജികളോട് സുപ്രീംകോടതിക്കും ഹൈക്കോടതിക്കും താത്പര്യം കുറഞ്ഞിട്ടുണ്ട്.

2003 മുതൽ 2008 മെയ് 31 വരെയുള്ള അഞ്ചരവർഷങ്ങളിൽ 1776 പൊതുതാത്പര്യ ഹർജികൾ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. അതിൽ 13 ഹർജികൾ മാത്രമേ അനുവദിക്കപ്പെട്ടുള്ളൂ.

ആരു ഭരിച്ചാലും പൗരാവകാശവും മനുഷ്യാവകാശവും മൗലികാവകാശവും ധ്വംസിക്കപ്പെട്ടാൽ ഭരണഘടനയുടെ 32, 139, 226, 227 വകുപ്പുകളുപയോഗിച്ച് പൗരന്, പൗരസമൂഹത്തിന് നീതി ഉറപ്പാക്കുവാനുള്ള പൊതുതാത്പര്യ ഹർജികൾ അവഗണിക്കപ്പെടാതിരിക്കട്ടെ എന്ന് പ്രത്യാശിക്കാം.

CYAN MAGENTA YELLOW BLACK

# സിപിഎമ്മിന്റെ വൻ വീഴ്ചകൾ

>> 1

എങ്കിലും കമ്യൂണിസ്റ്റ് ആശയ പ്രചാരണവും പാർലമെണ്ടറി ഭരണപങ്കാളിത്തവും തമ്മിലുള്ള വൈരുധ്യം നീക്കാനോ ഇന്ത്യൻ സാഹചര്യം മനസ്സിലാക്കി മുന്നേറാനോ കമ്യൂണിസ്റ്റ് പാർട്ടിക്ക് കഴിയാതെ പോയി. വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യം അണികളിൽ ഉണ്ടാക്കിയ ആശയക്കുഴപ്പവും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിന് സഹായകമായി എന്നാണ് കരുതേണ്ടത്.

പിളർപ്പിനുശേഷം മുൻതൂക്കം ലഭിച്ചത് സിപിഎമ്മിനാണ്. റാം മനോഹർ ലോഹ്യയെപ്പോലുള്ള സോഷ്യലിസ്റ്റുകളെ അനുകരിക്കാനോ അംഗീകരിക്കാനോ ഇന്ത്യൻ കമ്യൂണിസ്റ്റുകൾ തയ്യാറായില്ല. സോഷ്യലിസ്റ്റ് പാറ്റേൺ സാർവത്രീകമാക്കിയതിനുശേഷം കമ്യൂണിസ്റ്റ് അജണ്ടയിലേക്ക് കടക്കണമെന്ന മാർക്സിയൻ നിർദേശം ഇന്ത്യൻ കമ്യൂണിസ്റ്റുകൾ നിരാകരിച്ചു. അല്ലായിരുന്നെങ്കിൽ എറ്റവും വലിയ സോഷ്യലിസ്റ്റായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമായി സമരസപ്പെടാൻ കമ്യൂണിസ്റ്റ് നേതൃത്വം തയ്യാറാകുമായിരുന്നു.

പാർലമെണ്ടറി സംവിധാനവുമായി പൊരുത്തപ്പെട്ടു പോകാൻ ഇന്ത്യൻ സാഹചര്യത്തിൽ കമ്യൂണിസ്റ്റുകൾ എടുത്ത തീരുമാനം പ്രായോഗിക രാഷ്ട്രീയമായിരുന്നുവെങ്കിൽ നെഹ്റുവുമായും കോൺഗ്രസ്സുമായും ഒത്തുപോകാൻ അവർ തയ്യാറാകണമായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ മതേതര സോഷ്യലിസ്റ്റ് പ്രസ്ഥാനമായ കോൺഗ്രസ്സിനെ എതിർക്കാൻ തീരുമാനിക്കുകവഴി കമ്യൂണിസ്റ്റുകളുടെ ഇന്ത്യയിലെ വളർച്ച മുരടിച്ചു തുടങ്ങി. തെലുങ്കാന സമരം ഉയർത്തിയ ആവേശത്തിര തള്ളൽ തെലുങ്കാനയ്ക്ക് പുറത്തേയ്ക്ക് പോവാതിരുന്നതും തെലുങ്കാനയിൽ ആവേശം പെട്ടെന്ന് കെട്ടടങ്ങിയതും ഈ കാരണത്താലാണ്.

കോൺഗ്രസ്സുമായിട്ടുള്ള ഭരണപങ്കാളിത്തവും രാഷ്ട്രീയ സഹകരണവും ആവശ്യമാണെന്ന് സിപിഐയ്ക്ക് തോന്നിയപ്പോൾ അവർ ഇന്ത്യൻ ഭരണത്തിൽ പങ്കാളികളായി. ലഭിച്ച വകുപ്പുകൾ നല്ലനിലയിൽ കൈകാര്യം ചെയ്തുകൊണ്ട് ഇന്ത്യയിൽ ആകമാനം ഉണർന്നു നില്ക്കാൻ അവർക്ക് കഴിഞ്ഞു. എങ്കിലും ഇടതുപക്ഷ ഐക്യം എന്ന മുദ്രാവാക്യത്തിൽ കുടുങ്ങി അവർ കോൺഗ്രസ്സ്ബന്ധം വളരെ പെട്ടെന്ന് ഉപേക്ഷിച്ച് കമ്യൂണിസ്റ്റ് തകർച്ചയിൽ പങ്കുചേർന്നു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ വലതന്മാരായി ചിത്രീകരിച്ച് രാജ്യമെമ്പാടും പുലഭ്യം പറഞ്ഞ്, “വെയ്യടാ വലതാ ചെങ്കൊടി താഴെ” എന്ന് കുട്ടിസഖാക്കളെക്കൊണ്ട് മുദ്രാവാക്യം വിളിപ്പിച്ച് ചെങ്കൊടിക്കവകാശികൾ തങ്ങളാണെന്ന് വരുത്താൻ ശ്രമിച്ച സിപിഎം, കോൺഗ്രസ്സുമായി ഇന്ത്യൻ ഭരണം പങ്കിട്ട് കോൺഗ്രസ്സ് പതാകയോടൊപ്പം ചെങ്കൊടിയും കെട്ടി ഇന്ത്യയിലാകെ വലതന്മാർ വിലസുന്നത് തകർക്കാൻ ഇടതുപക്ഷ ഐക്യം എന്ന ചൂണ്ട ഉണ്ടാക്കി.

**ജനവിധി അംഗീകരിക്കാനോ പരസ്പരമുള്ള കോഴിപ്പോര് അവസാനിപ്പിക്കാനോ തയ്യാറാകാതെ തോല്വിയുടെ കാരണം അന്വേഷിച്ച് പരസ്പരം കുറ്റപ്പെടുത്തുമ്പോൾ സാക്ഷാൽ കമ്യൂണിസ്റ്റ് അണികൾ എത്തിച്ചേർന്ന ഒരു നിഗമനമുണ്ട്. ആരംഭം മുതൽ ഇന്നുവരെ കമ്യൂണിസ്റ്റ് നേതൃത്വം അണികളെയും ഇന്ത്യൻ ജനതയെയും വഞ്ചിക്കുകയായിരുന്നു എന്ന്. വഞ്ചകർക്ക് ചരിത്രം മാപ്പു നല്കിയിട്ടില്ല.**

**സിപിഐ, ആർഎസ്പി, ഫോർവേഡ് ബ്ലോക്ക് എന്നിവരെ ഇടതുപക്ഷബദലിൽ കുടുക്കി പിന്താങ്ങികളാക്കിയ ശേഷം സിപിഎം ഇന്ത്യൻ പാർലമെണ്ടിന്റെ ഭരണനിയന്ത്രണം കൈക്കലാക്കാൻ സ്പീക്കർ പദവി തട്ടിയെടുത്തു. സോമനാഥ് ചാറ്റർജിയെന്ന സിപിഎമ്മുകാരൻ ലോക്സഭാ സ്പീക്കറായി, സ്പീക്കറെ ഉപയോഗിച്ചും പിന്താങ്ങി സ്വാധീനം മുതലാക്കിയും നാലരവർഷക്കാലം ബൂർഷ്വാപാർലമെണ്ട് സംവിധാനത്തിന്റെ ശീതളച്ഛായയിൽ സസുഖം വാണു.**

അതിൽ സിപിഐയെ കുടുക്കി താഴയിറക്കി, അവരെ ഇന്നത്തെ കേരളത്തിലെ അവസ്ഥയിലാക്കി.

മതേതരത്വം സംരക്ഷിക്കാൻ എന്ത് വിട്ടുവീഴ്ചയ്ക്കും തയ്യാറായി മുന്നോട്ടുവന്ന കോൺഗ്രസ്സ് ഇന്ത്യൻ പ്രധാനമന്ത്രിയുടെ കസേരയിലേക്ക് ഭരണനൈപുണ്യമുള്ള ഇന്ത്യയിലെ പ്രഗല്ഭനായ കമ്യൂണിസ്റ്റ് നേതാവ് ജ്യോതിബാസുവിനെ നിർദേശിച്ചപ്പോൾ കുശുമ്പും കുന്നായ്മയും കൂടപിറപ്പായ, പരസ്പരവിശ്വസം അല്പം പോലുമില്ലാത്ത കമ്യൂണിസ്റ്റ് പോളിറ്റ് ബ്യൂറോ ആ നിർദേശം നിരാകരിച്ച് ഇന്ത്യയിലെ കമ്യൂണിസ്റ്റ് വളർച്ചയ്ക്ക് തിരിച്ചടി നല്കി. നിലവിലുള്ള വ്യവസ്ഥിതിയാകെ തകർക്കണമെന്ന ആശയം സ്വന്തം പാർട്ടിക്കകത്ത് പ്രയോഗിച്ച് കമ്യൂണിസ്റ്റ് നേതാക്കൾ മുന്നേറി. “ചരിത്രപരമായ വിഢ്ഢിത്തം” എന്ന് പാർട്ടിതീരുമാനത്തെ വിശേഷിപ്പിച്ച് ജ്യോതിബാസു സജീവ രാഷ്ട്രീയത്തിൽ നിന്നും ഉൾവലിഞ്ഞു. എങ്കിലും അദ്ദേഹം സിപിഎമ്മായി തുടരുന്നു.

വർഗീയതയ്ക്കെതിരെ പോരാടുന്നവർ എന്ന ഖ്യാതി സമ്പാദിക്കാൻ യുപിഎയ്ക്ക് പിന്തുണ നല്കി മൻമോഹൻസിംഗിനെ പ്രധാനമന്ത്രിയാക്കി. മന്ത്രിസഭയിൽ അംഗങ്ങളാകാൻ സിപിഎമ്മിനെയും സിപിഐയെയും കോൺഗ്രസ്സ് ഔചിത്യപൂർവം ക്ഷണിച്ചപ്പോൾ ആദർശത്തിന്റെ ആൾരൂപങ്ങളായി മാറിക്കൊണ്ട് ഭരണപങ്കാളിത്തം ഒഴിവാക്കുക എന്ന തീരുമാനമെടുത്തു. കോൺഗ്രസ്സുമായി വീണ്ടും അടുക്കണമെന്നാഗ്രഹിക്കുകയും ഭരണപങ്കാളിത്തം സ്വീകരിക്കുന്നതാണ് നല്ലതെന്ന് തീരുമാനിക്കുകയും ചെയ്ത സിപിഐയെയും സിപിഎം “ഇടതുപക്ഷബദൽ” പറഞ്ഞ് വെട്ടിലാക്കി. പണ്ട് ചെയ്ത മണ്ടത്തരം തിരുത്താൻ ലഭിച്ച അവസരം സിപിഐ വീണ്ടും പാഴാക്കി.

അവിടെയും വർഗവഞ്ചന കാണിക്കാൻ സിപിഎം മറന്നില്ല. സിപിഐ, ആർഎസ്പി, ഫോർവേഡ് ബ്ലോക്ക് എന്നിവരെ ഇടതുപക്ഷബദലിൽ കുടുക്കി പിന്താങ്ങികളാക്കിയ ശേഷം സിപിഎം ഇന്ത്യൻ പാർലമെണ്ടിന്റെ ഭരണനിയന്ത്രണം കൈക്കലാക്കാൻ സ്പീക്കർ പദവി തട്ടിയെടുത്തു. സോമനാഥ് ചാറ്റർജിയെന്ന സിപിഎമ്മുകാരൻ ലോക്സഭാ സ്പീക്കറായി, സ്പീക്കറെ ഉപയോഗിച്ചും പിന്താങ്ങി സ്വാധീനം മുതലാക്കിയും നാലരവർഷക്കാലം ബൂർഷ്വാപാർലമെണ്ട് സംവിധാനത്തിന്റെ ശീതളച്ഛായയിൽ സസുഖം വാണു.

തിരഞ്ഞെടുപ്പ് അടുക്കാറായപ്പോൾ “മലർപൊടിക്കാരന്റെ സ്വപ്നം” പോലെ സിപിഎം കൊണ്ടുനടന്ന ഇടതുപക്ഷബദൽ ഉണ്ടാക്കാൻ ആണവകരാറിന്റെ കാര്യം പറഞ്ഞ് മന്ത്രിസഭയ്ക്കുള്ള പിന്തുണ പൻവലിച്ചു. വർഗീയതയ്ക്കെതിരെ ഉയർത്തിയ വാദമുഖങ്ങളെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നുവീണു. നാലരവർഷം പിന്തുണച്ച കോൺഗ്രസ്സ് ഗവൺമെണ്ടിനെ താഴെയിറക്കാൻ ബിജെപിയുമായി സഹകരിക്കാൻവരെ തയ്യാറായി. മതേതരത്ത്വത്തെ അവഹേളിച്ചു. വർഗീയഭരണാധികാരികൾ സൃഷ്ടിക്കുന്ന അപകടത്തെ അവഗണിച്ചു മൂന്നാം മുന്നണിയെന്നു പറഞ്ഞു തലങ്ങും വിലങ്ങും ഓടി. സീതാറാം യെച്ചൂരിയുടെ ഭാഷ കടമെടുത്തു പറയട്ടെ: “വെട്ടിയൊട്ടിച്ച മൂന്നാംമുന്നണി പിറവിയോടെ ചാപിള്ളയായി”. കമ്യൂണിസ്റ്റ് തകർച്ചയ്ക്ക് ആക്കം കൂട്ടിക്കൊണ്ട് കഴിഞ്ഞ പാർലമെണ്ടിൽ 43 എംപിമാർ ഉണ്ടായിരുന്നതു 16 ആയി കുറഞ്ഞു. പാർട്ടിക്ക് സ്വാധീനമുണ്ടായിരുന്ന പശ്ചിമബംഗാളിലും കേരളത്തിലും സീറ്റും വോട്ടും കുറഞ്ഞ് തകർച്ചയുടെ ആക്കം വർധിച്ച് തരിപ്പണമാകാൻ ഒരുങ്ങിനില്ക്കുന്നു.

ഈ തകർച്ചയുടെ വക്കിലും ലൂയി പതിനാറാമന്റെ അഹന്തയെ അനുസ്മരിപ്പിക്കുന്ന ഘോരഘോര പ്രസംഗങ്ങൾ കമ്യൂണിസ്റ്റ് സന്ദേശവാഹകരിൽ നിന്നും കേൾക്കുന്നു.

സമൂഹത്തിനെന്നല്ല സ്വന്തം അണികൾക്കു പോലും ദഹിക്കാത്ത രാഷ്ട്രീയ നീക്കങ്ങളും കൂട്ടുകെട്ടുകളും നയസമീപനങ്ങളും സ്വീകരിച്ച് പരാജയം ഏറ്റുവാങ്ങിയിട്ടും തിരുത്താനോ നന്നാകാനോ തയ്യാറാകാത്ത കഴിവുകെട്ട സിപിഎം നേതൃത്വം, പാർട്ടിയുടെ പൂർണതകർച്ചയ്ക്ക് കളമൊരുക്കുകയാണ് ചെയ്യുന്നത്.

നന്ദിഗ്രാമിലും സിംഗൂരിലും പ്ലാച്ചിമടയിലുമെല്ലാം അധഃസ്ഥിത തൊഴിലാളിവർഗസമൂഹവും ഇടത്തരം കർഷകരും ഭരണകൂടഭീകരതയ്ക്ക് വിധേയമായപ്പോൾ ആ പ്രദേശങ്ങൾ ഉൾപ്പെട്ട മേഖലകളിലെ ഭരണാധികാരികൾ സിപിഎമ്മുകാരാണെന്ന തിരിച്ചറിവ് മേല്പറഞ്ഞ വിഭാഗങ്ങളുടെ പാർട്ടിയിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന് ആക്കം കൂട്ടിക്കൊണ്ടിരിക്കുന്നു.

പക്വതയില്ലായ്മയും തീരുമാനങ്ങൾ എടുക്കുന്നതിൽ കാണിക്കുന്ന ഇരട്ടത്താപ്പും നേതൃത്വത്തിന്റെ ഏകാധിപത്യപ്രവണതയും സിപിഎം പാർട്ടിയുടെ അവശേഷിക്കുന്ന കെട്ടുറപ്പും തകർക്കുകയാണ്.

കേരളത്തിലെ കാര്യമെടുക്കാം. ഇടതുപക്ഷഗവൺമെണ്ട് അധികാരമേല്ക്കുന്നതിനു മുമ്പുതന്നെ തുടങ്ങിയില്ലേ അച്യുതാനന്ദനും പിണറായിയും തമ്മിലുള്ള പോര്? പരസ്പരം അങ്കംവെട്ടി പാർട്ടിക്കകത്ത് രണ്ടുപേരും മുൻനിരയിൽ നിന്നു. നേതൃത്വം രണ്ടായി. ജില്ലാക്കമ്മിറ്റികൾ വിഭജിക്കപ്പെട്ടു. സംസ്ഥാന കമ്മിറ്റിയംഗങ്ങൾ വിഭജിക്കപ്പെട്ടു. ഇന്ന് വിഎസ്സിന്റെ കൂടെ, നാളെ പിണറായിയുടെ കൂടെ. ഇടുക്കി ജില്ലാ സെക്രട്ടറിയും ദിനേശ് മണിയും ഉദാഹരണം. സംഘടനാ തെരഞ്ഞെടുപ്പിൽ ജയിച്ചവരെ സ്വന്തം പക്ഷത്ത് ഉറപ്പിച്ചു നിർത്തുന്നതിൽ പിണറായി ആണ് കേമൻ എന്നുതെളിഞ്ഞു. പിണറായി അണികളെ നോക്കിയില്ല. തിരഞ്ഞെടുക്കപ്പെട്ടവരെ നോക്കി. ജില്ലാ കമ്മിറ്റികളിൽ ഭൂരിപക്ഷവും സംസ്ഥാന കമ്മറ്റി അംഗങ്ങളിൽ ഭൂരിപക്ഷവും കൈക്കലാക്കി. ആ ഭൂരിപക്ഷം ഉപയോഗിച്ചു പിബിയെ നിലയ്ക്കു നിർത്താൻ നോക്കുന്നു. പിബി ഉരുണ്ട് കളിക്കുകയാണ്. ചിലപ്പോൾ അച്യുതാനന്ദൻ പക്ഷത്ത് ചിലപ്പോൾ പിണറായി പക്ഷത്ത്, ചിലപ്പോൾ രണ്ടുപക്ഷത്തും. പിബിയുടെ ഈ നിലപാട് രാവിലെയും വൈകുന്നേരവും പക്ഷവും അഭിപ്രായവും മാറ്റിമാറ്റി പറയുന്നവർക്ക് സഹായകമായി.

മന്ത്രിമാരെ വീതംവച്ചെടുത്തു. സംസ്ഥാന കമ്മിറ്റിയിലെ ഭൂരിപക്ഷം ഉപയോഗിച്ച് വിജയൻവിഭാഗം കൂടുതൽ മന്ത്രിമാരെ നേടി. പിബിയുടെ സമവായത്തിൽ വിഎസ്സിനും കിട്ടി മൂന്നുനാല്പേർ. പക്ഷേ അവരുടെ നിലപാടുകൾ കാണുമ്പോൾ അണികൾ അന്തംവിടുന്നു. കയ്യാലപ്പുറത്തെ തേങ്ങ പോലെ. ഏറ്റവും ഒടുവിൽ പരസ്പരം ചേരിതിരിഞ്ഞ് പേരാട്ടം. സിപിഎം മന്ത്രിമാരെ നയിക്കുന്നത് ഒരു ഭാഗത്ത് കോടിയേരിയും തോമസ് ഐസക്കും. മറുഭാഗത്ത് വിഎസ്സും. വി.എസ്സ്. ഒറ്റയ്ക്കാണ് പോരാട്ടം. മനസ്സുള്ളവൻ കൂടെ നിന്നാൽ മതി എന്ന വരട്ടുതത്ത്വവാദം കൂട്ടിനുണ്ട്. അതുകൊണ്ട് വിഎസ്സിനെ സഹിക്കാൻ പറ്റാതെ വരുമ്പോൾ അല്പം എതിർപ്പ്. എന്നാലും വിഎസ്സിന്റെ പേരിൽ മന്ത്രിയായതുകൊണ്ട് അല്പം പിന്തുണ. കയ്യാലപ്പുറത്തെ തേങ്ങാമന്ത്രിമാർ!

1920ൽ താഷ്കെന്റിൽ വച്ച് സാക്ഷാൽ ലെനിന്റെ അനുഗ്രഹാശിസ്സുകളോടെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിക്ക് രൂപംകൊടുത്ത എം.എൻ. റോയിയെ പുറത്താക്കിയ പാർട്ടി. ഒരു കാലത്ത് ഇന്ത്യയിലെ ബുദ്ധിജീവികൾ റോയിയിസ്റ്റുകൾ എന്നറിയപ്പെടാൻ ആഗ്രഹിച്ചിരുന്നു എന്ന് കേൾവി. അന്ന് ഇന്ത്യയിൽ ജീവിച്ചിരുന്നവരിൽ ഏറ്റവും വലിയ ബുദ്ധിരാക്ഷസൻ, ലോകം അറിഞ്ഞ സോഷ്യലിസ്റ്റ്, അകം നിറഞ്ഞ കമ്യൂണിസ്റ്റ് , ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിക്ക് ജന്മം കൊടുത്തവൻ. ആ എം.എൻ. റോയിയെ പുറത്താക്കി. പുറത്താക്കിയവരുടെ നീണ്ടനിര വിസ്തര ഭയത്താൽ ഇവിടെ വിവരിക്കുന്നില്ല. ഇന്ത്യ കണ്ട ഏറ്റവും മികച്ച പാർലമെണ്ടേറിയനായ സാക്ഷാൽ സോമനാഥ് ചാറ്റർജിയെയും പുറത്താക്കി പടിയടച്ച് പിണ്ഡം വച്ചു. അറിവും ബുദ്ധിയും വിവേകവുമുള്ള മാന്യന്മാർ ഈ പാർട്ടിക്കു വേണ്ട!

സംഘടനയ്ക്കകത്ത് നടക്കുന്ന തെറ്റും ശരിയും നിശ്ചയിക്കാൻ കഴിയാതെ പ്രകാശ് കാരാട്ടിന്റെ പോളിറ്റ് ബ്യൂറോ അണികളുടെ മുമ്പിൽ നട്ടെല്ലില്ലാത്ത നേതൃത്വമായി മാറുന്നു. ‘ഞാനാണ് രാഷ്ട്രം’ എന്നു പറഞ്ഞ ലൂയി പതിനാറാമനെപ്പോലെ ‘പാർട്ടി സെക്രട്ടറിയാണ് പാർട്ടി’ എന്ന ധിക്കാരം കാണിക്കുമ്പോൾ അതാണ് ശരിയെന്ന് പറയുന്ന അനുയായി വൃന്ദം. പാർട്ടിഗ്രാമങ്ങൾ സൃഷ്ടിക്കാൻ സ്വീകരിക്കുന്ന “വിരട്ടൽ അടവ്”, പി.ബിയുടെ മേലും എതിർചേരിയുടെ മേലും പ്രയോഗിച്ച് സ്വന്തം നിലനില്പ് ഉറപ്പിക്കുമ്പോൾ നീതിബോധമുള്ള പാർട്ടി അണികൾ പുതിയ വർഗമായി രൂപം പ്രാപിക്കുന്നു. പോളിറ്റ് ബ്യൂറോക്കാരെ നട്ടെല്ലില്ലാത്തവർ എന്നു വിളിക്കുന്നു. വർഗസമര സിദ്ധാന്തവും ഉന്മൂലനസിദ്ധാന്തവും പരസ്പരം സ്വന്തം പാർട്ടിക്കകത്ത് പ്രയോഗിച്ചും വൈരുദ്ധ്യാത്മകവാദത്തിന്റെ പേരിൽ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്ത രാഷ്ട്രീയതീരുമാനം ജനങ്ങളിൽ അടിച്ചേല്പ്പിച്ചും തൊട്ടതിനെയെല്ലാം എതിർത്തും പിടിവാശി രാഷ്ട്രീയം കളിച്ച് ശോഷിച്ചുപോയ ഇന്ത്യയിലെ സിപിഎം തകർച്ചയുടെ പടുകുഴിയിൽ ചെന്നു പെട്ടിരിക്കുന്നു!

ജനവിധി അംഗീകരിക്കാനോ പരസ്പരമുള്ള കോഴിപ്പോര് അവസാനിപ്പിക്കാനോ തയ്യാറാകാതെ തോല്വിയുടെ കാരണം അന്വേഷിച്ച് പരസ്പരം കുറ്റപ്പെടുത്തുമ്പോൾ സാക്ഷാൽ കമ്യൂണിസ്റ്റ് അണികൾ എത്തിച്ചേർന്ന ഒരു നിഗമനമുണ്ട്. ആരംഭം മുതൽ ഇന്നുവരെ കമ്യൂണിസ്റ്റ് നേതൃത്വം അണികളെയും ഇന്ത്യൻ ജനതയെയും വഞ്ചിക്കുകയായിരുന്നു എന്ന്. വഞ്ചകർക്ക് ചരിത്രം മാപ്പു നല്കിയിട്ടില്ല.

കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ തകർന്നടിഞ്ഞതുപോലെ ഇന്ത്യയിലും ഈ പാർട്ടി തകരാൻ അധികകാലം വേണ്ടിവരില്ല, അതിശക്തവും വ്യക്തവുമായ തിരുത്തലുകൾക്ക് തയ്യാറാകുന്നില്ലെങ്കിൽ. ◆

CYAN MAGENTA YELLOW BLACK

# വാർത്തകൾ

## ഗവർണർ ജനാധിപത്യമൂല്യം സംരക്ഷിച്ചു

**ബാബു ജോസഫ്**

ലാവ്‌ലിൻ കേസിൽ സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ സിബിഐക്ക് അനുമതി നല്കിയതുവഴി ഗവർണർ ആർ.എസ്.ഗവായ് ജനാധിപത്യമൂല്യവും ഭരണഘടനയുടെ അന്തസ്സത്തയും സംരക്ഷിക്കുകയാണ് ചെയ്തതെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് അഭിപ്രായപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) മലയാറ്റൂർ-നീലീശ്വരം മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലാവ്‌ലിൻ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ അഴിമതിയാണ്. ഇത്തരത്തിൽ ഗൂഢാലോചനയും അധികാരദുർവിനിയോഗവും നടന്നിട്ടുള്ള ഒരു അഴിമതി മറ്റൊന്നുണ്ടോ എന്നത് സംശയമാണ്. തടസ്സം നിന്ന ഉന്നത ഉദ്യോഗസ്ഥരെ മുഴുവൻ ഭീഷണിപ്പെടുത്തിയും അധിക്ഷേപിച്ചും, അന്താരാഷ്ട്രതലത്തിൽ ഗൂഢാലോചന നടത്തി തയ്യാറാക്കിയ അഴിമതിപദ്ധതി അണുവിട തെറ്റാതെ നടപ്പാക്കുകയാണ് പിണറായിയും കൂട്ടരും ചെയ്തത്.

സിപിഎം പോളിറ്റ് ബ്യൂറോ സ്വീകരിക്കുന്ന നിലപാടുകൾ വ്യക്തമാക്കുന്നത് അവർക്കും ഇതിൽ നിഷേധിക്കാനാവാത്ത പങ്കുണ്ടെന്ന വസ്തുതയാണ്. സിപിഎമ്മിന്റെ സമുന്നത നേതാവായിരുന്ന ഇ.ബാലാനന്ദൻ, പന്നിയാർ - ചെങ്കുളം-പള്ളിവാസൽ പദ്ധതി നവീകരണവുമായി ബന്ധപ്പെട്ട് നല്കിയ റിപ്പോർട്ടുതന്നെ




*കേരളാ കോൺഗ്രസ് (എം) മലയാറ്റൂർ-നീലീശ്വരം മണ്ഡലം കൺവെൻഷൻ പാർട്ടി സംസ്ഥാന സെക്രട്ടറി ബാബു ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. കർഷക യൂണിയൻ ജില്ലാ പ്രസിഡണ്ട് റ്റി.ഡി.സ്റ്റീഫൻ, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയംഗം ആന്റണി കിടങ്ങേൽ, ജില്ലാ സെക്രട്ടറിമാരായ ഏബ്രഹാം പൊന്നുംപുരയിടം, ബേബി വി.മുണ്ടാടൻ, എൻ.സി.ചെറിയാൻ, യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് പ്രിയേഷ് കെ.മാത്യു എന്നിവർ സമീപം.*

പിണറായിക്കും കൂട്ടർക്കും എതിരായ വ്യക്തമായ ചാർജു ഷീറ്റാണ്.

ജനാധിപത്യത്തെ സംരക്ഷിക്കുന്ന നിലയിൽ തന്റെ കർത്തവ്യം നിർവഹിച്ച ഗവർണറെ ഒറ്റതിരിഞ്ഞ് ആക്രമിക്കുവാനുള്ള സിപിഎമ്മിന്റെ ചില നേതാക്കളുടെ നീക്കത്തിനെതിരെ രാഷ്ട്രീയ വ്യത്യാസം കൂടാതെ എല്ലാ ജനാധിപത്യ വിശ്വാസികളും അണിനിരക്കണമെന്നും ബാബു ജോസഫ് ആവശ്യപ്പെട്ടു.

മണ്ഡലം പ്രസിഡണ്ട് എം.വി.ചാക്കോ അധ്യക്ഷത വഹിച്ചു.

ജില്ലാ സെക്രട്ടറിമാരായ ബേബി വി.മുണ്ടാടൻ, എൻ.സി.ചെറിയാൻ, ഏബ്രഹാം പൊന്നുംപുരയിടം, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.മുഹമ്മദ് ഇക്ബാൽ, ജില്ലാ പ്രസിഡണ്ട് പ്രിയേഷ് കെ.മാത്യു, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയംഗം ആന്റണി കിടങ്ങേൻ, കർഷക യൂണിയൻ ജില്ലാ പ്രസിഡണ്ട് ടി.ഡി.സ്റ്റീഫൻ, നിയോജകമണ്ഡലം സെക്രട്ടറിമാരായ ബേബി കുരുവിള, പോൾ ജോർജ്, വൈസ് പ്രസിഡണ്ട് വി.ജെ.ജെയിംസ്, യൂത്ത് ഫ്രണ്ട് (എം) നിയോജകമണ്ഡലം പ്രസിഡണ്ട് ബേബി ഇട്ടിര, പഞ്ചായത്ത് മെമ്പർമാരായ കൊച്ചുത്രേസ്യാ സേവ്യർ, വിജി സന്തോഷ്, പാർട്ടി ഭാരവാഹികളായ സോജൻ വർഗീസ്, ജയിംസ് ഇന്റിക്കുഴ, മണി തൊട്ടിപറമ്പിൽ, വി.കെ.സിബി, ആന്റണി മാടൻ, എം.എസ് പോളച്ചൻ, ബെന്നി കോയിക്കര, ഷാജി മാടൻ, കൊച്ചാപ്പു തുപ്പത്തി, സെബാസ്റ്റ്യൻ പറഞ്ചിയ്ക്ക, വിവേകാനന്ദൻ എന്നിവർ പ്രസംഗിച്ചു.

## ഇന്നുഭാഷയതപൂർണമിങ്ങഹോ വന്നുപോംപിഴയുമർത്ഥശങ്കയാൽ

>> 7

കാണാത്ത സിനിമകൾക്ക് കേൾക്കാത്ത അവാർഡുകൾ ആക്കുളത്തെ അടൂർ ഗോപാലകൃഷ്ണന്റെ വീട്ടിൽ കാണാം. അവാർഡിന് മാത്രമായി ഒരു ജന്മം. അതു കഴിഞ്ഞ വർഷം തട്ടിത്തെറിപ്പിച്ചു കളഞ്ഞു, ജന്മനാടും നാലുപെണ്ണുങ്ങളും. അടൂർ ഗോപാലകൃഷ്ണന്റെ കഴിഞ്ഞ വർഷത്തെ സിനിമയും, ഈ വർഷത്തെ 'ഒരാണും രണ്ടുപെണ്ണും' സീരിയലിന് തുല്യമാണെന്നാണ് സംവിധായകൻ ടി.വി. ചന്ദ്രൻ പറയുന്നത്. മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ 'ഭൂമിമലയാള'ത്തിന്റെ സംവിധായകനാണ് ടി.വി.ചന്ദ്രൻ.

അടൂരിന്റെ സിനിമ മത്സരത്തിനെത്തുമ്പോൾ സാംസ്കാരിക വകുപ്പിനും സർക്കാരിനും ജൂറിക്കും ഭയമാണെന്നാണ് ചന്ദ്രന്റെ കണ്ടെത്തൽ. സിനിമ തന്റെ തൊഴിലും ജീവിതമാർഗവുമാണ്; അവാർഡിനു പടം സമർപ്പിക്കാനും അവകാശമുണ്ടെന്നും അടൂർ പറയുന്നു. അവാർഡിനു മുന്നിലെ വിനീതവിധേയൻ അതു കിട്ടാതെ വരുമ്പോൾ ഭീകരാക്രമണം നടത്താനും മടിക്കാറില്ല.

ആശയപരമായി ജനപക്ഷത്ത് നിലയുറപ്പിക്കാൻ കഴിഞ്ഞ ചലച്ചിത്രകാരന്മാരോടാണ് പ്രേക്ഷകനു താത്പര്യം. അനന്തരവും എലിപ്പത്തായവും മുഖാമുഖവും ബുദ്ധിജീവികൾക്കുള്ളതെങ്കിൽ, പാഠം ഒന്ന് ഒരു വിലാപവും കഥാവശേഷനും വിലാപങ്ങൾക്കപ്പുറവും, ആസുരമായ കാലത്തിന്റെ നീക്കുപോക്കുകളിൽ മനസ്സു വേദനിക്കുന്ന സാധാരണക്കാരൻ വീട്ടിലും നാട്ടിലും ഒപ്പം സമുദായത്തിൽ നിന്നു പോലും നേരിടേണ്ടി വരുന്ന ദുരിതങ്ങളുടെ എണ്ണിപ്പെറുക്കലും.

**കാണാത്ത സിനിമകൾക്ക് കേൾക്കാത്ത അവാർഡുകൾ ആക്കുളത്തെ അടൂർ ഗോപാലകൃഷ്ണന്റെ വീട്ടിൽ കാണാം. അവാർഡിന് മാത്രമായി ഒരു ജന്മം. അതു കഴിഞ്ഞ വർഷം തട്ടിത്തെറിപ്പിച്ചു കളഞ്ഞു, ജന്മനാടും നാലുപെണ്ണുങ്ങളും. അടൂർ ഗോപാലകൃഷ്ണന്റെ കഴിഞ്ഞ വർഷത്തെ സിനിമയും, ഈ വർഷത്തെ 'ഒരാണും രണ്ടുപെണ്ണും' സീരിയലിന് തുല്യമാണെന്നാണ് സംവിധായകൻ ടി.വി. ചന്ദ്രൻ പറയുന്നത്. മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ 'ഭൂമിമലയാള'ത്തിന്റെ സംവിധായകനാണ് ടി.വി.ചന്ദ്രൻ.**

സാധാരണക്കാരൻ, ഇന്നത്തെ ചിന്താവിഷയവും വീണ്ടും ചില വീട്ടുകാര്യങ്ങളും നിവേദ്യവും കണ്ട് ആഹ്ലാദിക്കുന്നു. അതല്ലേ ജനകീയ സിനിമ? അല്ലെങ്കിലും സാംസ്കാരിക രംഗത്തെ തെരുവുയുദ്ധം ഉന്നംവെച്ചുള്ളതല്ലേ അവാർഡുകളൊക്കെയും? ☆

### ഭരണിക്കാവിൽ ഗതാഗതക്കുരുക്ക് രൂക്ഷം

## കേരളാ യൂത്ത് ഫ്രണ്ട് (എം) ധർണ നടത്തി

കുന്നത്തൂർ താലൂക്കിന്റെ ആസ്ഥാനമായ ഭരണിക്കാവ് ജംഗ്ഷനിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാനവശ്യമായ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേരളാ യൂത്ത് ഫ്രണ്ട് (എം) കുന്നത്തൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭരണിക്കാവ് ടൗണിൽ പ്രകടനവും ധർണയും നടത്തി.

ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ ഭരണിക്കാവിൽ രാവിലെ എട്ടുമണി മുതൽ രാത്രി എട്ടു മണിവരെ ട്രാഫിക് പോലീസിനെ നിയമിക്കുക, വൈസ്മെൻസ് ക്ലബ്ബ് നിർമിച്ച് നല്കിയ ട്രാഫിക് ഐലന്റ് പ്രയോജനപ്പെടുത്തുക, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുക, ട്രാഫിക് പരിഷ്ക്കാരം സംബന്ധിച്ച് താലൂക്ക് വികസന സമിതിയും, താലൂക്ക് സർവകക്ഷി സമിതിയും സമർപ്പിച്ച നിർദേശങ്ങൾ നടപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ.

കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ഉഷാലയം ശിവരാജൻ ധർണ ഉദ്ഘാടനം ചെയ്തു.

നിയോജകമണ്ഡലം പ്രസിഡണ്ട് അമ്പലത്തുംഭാഗം രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റംഗം വഴുതാനത്ത് ബാലചന്ദ്രൻ, ഷാജി പാലത്തടം, കെ.കെ. ഡാനിയേൽ, കണ്ടോലിൽ മോഹനൻ, ഇഞ്ചക്കാട് രാജൻ, പോരുവഴി നിസാർ, സി. ശിവാനന്ദൻ, ശൂരനാട് സാബു, അജി കമ്പലടി, കെ.രാജേഷ്, ബി.കെ.ബിജു, ശശി കോക്കാട്, ബാഹുലേയൻ, ലീലാമ്മാൾ, ബി. ബൈജു എന്നിവർ പ്രസംഗിച്ചു.



*ഭരണിക്കാവ് ജംഗ്ഷനിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കണമെന്നാവശ്യപ്പെട്ട് യൂത്ത് ഫ്രണ്ട് (എം) കുന്നത്തൂർ നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭരണിക്കാവ് ടൗണിൽ നടത്തിയ ധർണ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ഉഷാലയം ശിവരാജൻ ഉദ്ഘാടനം ചെയ്യുന്നു.*

CYAN MAGENTA YELLOW BLACK



## കേരളം

7. 
ലാവ്‌ലിൻ കേസിൽ വൈദ്യുതി മന്ത്രിയും സിപിഎം സംസ്ഥാന സെക്രട്ടറിയുമായ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർണർ ആർ.എസ്. ഗവായ് സിബിഐയ്ക്ക് അനുമതി നല്കി.

- പിണറായി വിജയനെ ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് പ്രോസിക്യൂട്ട് ചെയ്യാൻ സിബിഐയ്ക്ക് അനുമതി നല്കിയ ഗവർണറുടെ നടപടിയെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്ന് സിപിഎം സംസ്ഥാന കമ്മിറ്റി.
- 
ലാവ്‌ലിൻ കേസിൽ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നല്കിയതുവഴി ഗവർണർ തന്നിൽ നിക്ഷിപ്തമായ ഭരണഘടനാചുമതല നിർവഹിക്കുക മാത്രമാണ് ചെയ്തിരിക്കുന്നതെന്നും അതിനെതിരെ പ്രതിഷേധം ഉയർത്തുന്നത് ജനാധിപത്യ ധ്വംസനമാണെന്നും കേരളാ കോൺഗ്രസ് ലീഡർ കെ.എം. മാണി.

8. 
ലാവ്‌ലിൻ കേസിൽ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ സിബിഐയ്ക്ക് ഗവർണർ അനുമതി നല്കിയതിൽ പ്രതിഷേധിച്ച് സിപിഎം ആഹ്വാനം ചെയ്ത കരിദിനത്തിൽ സംസ്ഥാനവ്യാപകമായി അക്രമം.

- 
പിണറായി വിജയനെ വിചാരണ ചെയ്യേണ്ടത് ലാവ്‌ലിൻ കേസ് സംബന്ധിച്ച പൊതുതാത്പര്യം സംരക്ഷിക്കാൻ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്നാണ് അതിന് അനുമതി നല്കിയതെന്ന് ഗവർണർ ആർ.എസ്. ഗവായ്.
- 
ഛർദിക്കുന്നത് ഭക്ഷിക്കുന്ന ഇരുകാലി മൃഗമാണ് സുകുമാരൻ അഴീക്കോടെന്ന് എസ്എൻഡിപി യോഗം ജനറൽ സക്രട്ടറി വെള്ളാപ്പള്ളി നടേശൻ.

9. സിപിഎമ്മിനുള്ളിൽ തന്നെയുള്ള ചിലർ സാമ്രാജ്യത്വശക്തികളുടെ ഏജന്റുമാരായി പാർട്ടിയെ തകർക്കുവാൻ ശ്രമിക്കുകയാണെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി അംഗം ഇ.പി.ജയരാജൻ.

- ജീവനക്കാരുടെ സംഘടനാ പ്രവർത്തനം തടയുന്ന അക്കൗണ്ടന്റ് ജനറലിന്റേത് അധമസംസ്കാരമാണെന്നും അതിനെതിരേ പ്രതിഷേധം ശക്തമാക്കണമെന്നും പിണറായി വിജയൻ.

10. 
ലാവ്‌ലിൻ കേസിൽ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി നല്കിയതുവഴി ഗവർണർ ആർ. എസ്.ഗവായ്, സുപ്രീം കോടതി പോലും മുമ്പ് പലപ്രാവശ്യം അംഗീകരിച്ചിട്ടുള്ള ഗവർണർ എന്ന നിലയിലുള്ള വിവേചനാധികാരം ഉപയോഗിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ.

- അപകടത്തിൽ പരുക്കേറ്റ് ഒരു വർഷത്തിലേറെയായി ചികിത്സയിലായിരുന്ന എൻസിപി മുൻ കോട്ടയം ജില്ലാ പ്രസിഡണ്ട് രാമചന്ദ്രൻ കുന്നപ്പള്ളി (55) അന്തരിച്ചു.

11. ലാവ്‌ലിൻ കേസിൽ സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയനെ ഏഴാം പ്രതിയായും കനേഡിയൻ കമ്പനിയായ എസ്എൻസി ലാവ്‌ലിനെ ഒമ്പതാം പ്രതിയായും ചേർത്ത് ആകെ ഒൻപത് പേരടങ്ങുന്ന പ്രതിപ്പട്ടികയും കുറ്റപത്രവും സിബിഐ കൊച്ചിയിലെ പ്രത്യേക കോടതിയിൽ സമർപ്പിച്ചു.

- 
ഇന്ത്യയുടെ മുൻ രാഷ്ട്രപതിയും ബഹിരാകാശ ശാസ്ത്രജ്ഞനുമായ ഡോ.എ.പി.ജെ.അബ്ദുൾ കലാമിന് അയർലണ്ടിലെ സെൽഫാസ്റ്റ് ക്യൂൺസ് യൂണിവേഴ്സിറ്റി ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചു.
- പിണറായി വിജയൻ ഉൾപ്പെടെ ഒമ്പത് പ്രതികൾക്കെതിരായ ലാവ്‌ലിൻ കേസിന്റെ പതിമൂവായിരത്തോളം പേജുകൾ വരുന്ന കുറ്റപത്രം സിബിഐ കൊച്ചിയിലെ പ്രത്യേക കോടതിയിൽ സമർപ്പിച്ചു.

12. ഗവർണർക്കെതിരായി നടത്തുന്ന പ്രതിഷേധം അംഗീകരിക്കാൻ കഴിയില്ലെന്നും ഇടതുമുന്നണിയുടെ പ്രതിച്ഛായയെ ആകെ മോശമാക്കിയ ലാവ്‌ലിൻ ഇടപാടിൽ പിണറായി വിജയൻ നിയമപരമായി തന്റെ നിരപരാധിത്വം തെളിയിക്കാൻ ശ്രമിക്കണമെന്നും സിപിഐ.

- കേരളത്തിലെ ആദ്യ മുഖ്യമന്ത്രി ഇഎംഎസ് നമ്പൂതിരിപ്പാടിന് ജന്മശതാബ്ദി.
- 
മുൻ മുഖ്യമന്ത്രി ആർ.ശങ്കറിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് ശ്രീനാരായണ സാംസ്കാരിക സമിതി ഏർപ്പെടുത്തിയ ആർ.ശങ്കർ പുരസ്കാരത്തിന് (25,000 രൂപ) പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയെ തെരഞ്ഞെടുത്തു.

13. 
പാർട്ടിയിലും മന്ത്രിസഭയിലുമുള്ള തെറ്റുകൾ തിരുത്തുമെന്ന് ഇഎംഎസ് ജന്മശതാബ്ദി സമാപനത്തോടനുബന്ധിച്ചുള്ള 'ഇഎംഎസിന്റെ ലോകം' ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് പറഞ്ഞു.

- 
തോൾസഞ്ചിയും പാട്ടുമായി നടന്നാലോ മാർക്സിസത്തിന്റെ സൈദ്ധാന്തിക ഗ്രന്ഥങ്ങളെല്ലാം വായിച്ചാലോ മാത്രം മാർക്സിസം വിജയിക്കില്ലെന്നും അതിനുവേണ്ടത് ശക്തമായ സംഘടനാ അടിത്തറയാണെന്നും ഇ.പി.ജയരാജൻ.



## ദേശീയം

7. കോൺഗ്രസ് നേതാവ് പവൻ രാജെ നിംബാൾക്കറും ഡ്രൈവറും മൂന്നു വർഷം മുമ്പ് കൊല്ലപ്പെട്ടകേസിൽ ഉസ്മാനബാദ് എംപിയും മുൻ ആഭ്യന്തര മന്ത്രിയുമായ എൻസിപി നേതാവ് പദംസിംഗ് പാട്ടീലിനെ സിബിഐ അറസ്റ്റ് ചെയ്തു.

- ഖാലിസ്ഥാൻ തീവ്രവാദികളെ പിടികൂടുന്നതിനായി ഇന്ത്യൻ സൈന്യം പഞ്ചാബിലെ സുവർണ ക്ഷേത്രത്തിൽ നടത്തിയ സൈനിക നടപടിയായ ഓപ്പറേഷൻ ബ്ലൂസ്റ്റാറിന്റെ 25-ാം വാർഷികം ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റിയുടെ ആഹ്വാനപ്രകാരം സിഖുകാർ ആചരിച്ചു.

8. മുൻ സോളിസിറ്റർ ജനറൽ ഗുലാം ഇ. വഹൻവതിയെ അറ്റോർണി ജനറലായി നിയമിച്ചു.

- 
ആദിവാസി നേതാവും ബിജെപി അംഗവുമായ കരിയമുണ്ടയെ ലോക്സഭാ ഡെപ്യൂട്ടി സ്പീക്കറായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

9. രാഷ്ട്രം പദ്മഭൂഷൺ, പത്മശ്രീ തുടങ്ങിയ ഒട്ടനവധി പുരസ്കാരങ്ങൾ നല്കി ആദരിച്ച പ്രശസ്ത പത്രപ്രവർത്തകനും നാടകകൃത്തും സംവിധായകനുമായ ഹബീബ് തൻവർ (85) അന്തരിച്ചു.

- 
കാർഷിക പുരോഗതി കൈവരിച്ചും ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ നിർമാർജനം ചെയ്തും മാത്രമേ ക്ഷേമരാഷ്ട്രം സ്ഥാപിക്കുവാൻ കഴിയൂ എന്ന് ലോക്സഭയിൽ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ജോസ് കെ.മാണി എം.പി.

10. ജാർഖണ്ഡിലെ സിങ്ബും ജില്ലയിൽ മാവോയിസ്റ്റുകൾ നടത്തിയ കുഴിബോംബ് ആക്രമണത്തിൽ 11 സുരക്ഷാ ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടു.

- 
പ്രലോഭനങ്ങൾക്ക് വഴങ്ങാതെ ജനകീയ പ്രശ്നങ്ങളിൽ തികഞ്ഞ ആത്മാർത്ഥതയോടു കൂടി പ്രവർത്തിക്കണമെന്ന് ബിജെപിയുടെ യുവ എംപിമാരോട് എൽ.കെ.അഡ്വാനി.

11. ചൈനാ അതിർത്തിയോടു ചേർന്ന് റിൻചി മലനിരകളിൽ വ്യോമസേനയുടെ വിമാനം തകർന്ന് മലയാളിയായ വിങ് കമാൻഡർ ഷാജി (40) ഉൾപ്പെടെ 13 സൈനികർ മരിച്ചു.

- ആർ.ജെ.ഡിയുടെ മുതിർന്ന നേതാവ് പർവേസ് ആലം ബീഹാറിലെ ബൻഡ് കോതിയിൽ അക്രമികളുടെ വെടിയേറ്റു മരിച്ചു.

12. ഇരട്ടകൊലപാതകക്കേസിൽ അറസ്റ്റിലായ എൻസിപി എം.പി. പദംസിംഗ് പാട്ടീലിനെ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽ നിന്നും സസ്പെൻഡ് ചെയ്തു.

- കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, പ്രതിരോധ ഗവേഷണവികസന സംഘടനയുമായി ചേർന്ന് വികസിപ്പിച്ചെടുത്ത ആർട്ടിലറി കോംബാക്റ്റ് കമാൻഡ് കൺട്രോൾ സിസ്റ്റം കരസേനയ്ക്കു സമർപ്പിച്ചു.

13. എട്ടാം തീയതി മുതൽ കാണാതായ കർണാടകയിലെ കൈഗ ആണവോർജ നിലയത്തിലെ ശാസ്ത്രജ്ഞൻ എൽ. മഹാലിംഗത്തിന്റെ മൃതശരീരം കാളിനദിയിൽ കൈഗ അണക്കെട്ടിനു സമീപം കണ്ടെത്തി.




**പി.ആർ.**

- 
ദേശീയ ഉപാധ്യക്ഷ സ്ഥാനം ഉൾപ്പെടെ പാർട്ടിയിലെ എല്ലാ പദവികളും, ബിജെപി നേതാവും മുൻ കേന്ദ്രമന്ത്രിയുമായ യശ്വന്ത് സിൻഹ രാജിവച്ചു.



## വിദേശം

7. ഇറാൻ - പാകിസ്ഥാൻ പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതിയുടെ പ്രാഥമിക കരാർ തുർക്കിയിലെ ഇസ്താംബൂളിൽ ഒപ്പുവച്ചു.

- ഫെബ്രുവരി 25, 26 തീയതികളിലായി അർധസൈനിക വിഭാഗമായ ബംഗ്ലാദേശ് റൈഫിൾസിന്റെ ധാക്കയിലെ ആസ്ഥാനം കേന്ദ്രീകരിച്ച് നടന്ന കലാപത്തിൽ, അറസ്റ്റിലായ ഡെപ്യൂട്ടി അസിസ്റ്റന്റ് ഡയറക്ടർ തൗഹിദ് അലം കുറ്റം സമ്മതിച്ചതായി ബംഗ്ലാദേശ് സർക്കാർ.

8. അഫ്ഗാനിസ്ഥാനിലെ സാബൂൾ പ്രവിശ്യയിൽ പോലീസ് സ്റ്റേഷനു നേരെ ആക്രമണം നടത്തിയ 20 താലിബാൻ തീവ്രവാദികളെ വധിച്ചു.

- വിവിധ മേഖലകളുടെ വികസന പ്രവർത്തനങ്ങൾക്കായി നേപ്പാളിന് 5.62 കോടി രൂപയുടെ സഹായം നല്കുമെന്ന് ഇന്ത്യ.

9. മികച്ച പരിചരണത്തിനുള്ള അലൻ എം. പെഡേഴ്സൺ സ്മാരക അവാർഡിന് അമേരിക്കയിലെ ന്യൂവാർക്ക് യൂണിവേഴ്സിറ്റി ആശുപത്രിയിലെ മലയാളി നഴ്സായ മോളി ജേക്കബ് തെരഞ്ഞെടുക്കപ്പെട്ടു.

- പാകിസ്ഥാനിലെ പെഷാവറിലുള്ള കോണ്ടിനെന്റൽ ഹോട്ടലിനു സമീപമുണ്ടായ ബോംബ് സ്ഫോടനത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു.

12. പന്നിയാർ, ചെങ്കുളം, പള്ളിവാസൽ പദ്ധതികളുടെ നവീകരണം കാര്യക്ഷമമായിതന്നെയാണ് പൂർത്തിയാക്കിയതെന്നും തങ്ങളുടെ ജോലി ഇഷ്ടപ്പെട്ടുവെന്ന് ബന്ധപ്പെട്ടവർ പ്രതികരിച്ചിരുന്നതായും എസ്എൻസി ലാവ്‌ലിൻ കമ്പനി.

- യുദ്ധസമയത്ത് ശ്രീലങ്കൻ സൈന്യവും എൽടിടിഇയും ഒരേപോലെ സാധാരണ ജനങ്ങളെ അതിക്രൂരമായി കൊലപ്പെടുത്തുകയും ഒളിമറയാക്കുകയും ചെയ്തതായി ജാഫ്നയിലെ സർവകലാശാലാ അധ്യാപകരുടെ സംഘടന.
- സ്വാത് താഴ്വരയിൽ സൈന്യം തുടരുന്ന താലിബാൻ വേട്ടയിൽ 39 ഭീകരരും പത്തു സൈനികരും കൊല്ലപ്പെട്ടു.

13. 
അമേരിക്കയിലെ കെന്നിബങ്ക് പോർട്ടിൽ 10,500 അടി ഉയരത്തിൽ വിമാനത്തിൽ നിന്ന് പാരഷൂട്ടിൽ ചാടി മുൻ പ്രസിഡണ്ട് ജോർജ് ബുഷ് സീനിയർ തന്റെ 85-ാം ജന്മദിനം ആഘോഷിച്ചു.

- 
ബിൽഗേറ്റ്സ്, മെലിൻഡ ഗേറ്റ്സ്, കരിം അൽ ഹുസൈനി ആഗാഖാൻ രാജകുമാരൻ എന്നിവർക്കൊപ്പം നോബൽ സമ്മാന ജേതാവ് അമർത്യാസെന്നിനും ഡി ലിറ്റ് ബിരുദം നല്കി കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ആദരിച്ചു.
- 
ഇറാൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ നിലവിലെ പ്രസിഡണ്ട് മഹ്മൂദ് അഹമ്മദി നെജാദ് ആദ്യ റൗണ്ടിൽതന്നെ 61.6 ശതമാനം വോട്ടുകളോടെ അടുത്ത നാലു വർഷത്തേക്കുകൂടി തത്സ്ഥാനത്ത് തുടരുവാനുള്ള അർഹത നേടി.

************

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ വാരിക

24 ജൂൺ 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY

Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment


വിദേശകാഴ്ച

# പശ്ചിമേഷ്യയിൽ സമാധാനത്തിന്റെ വാതിൽ തുറക്കപ്പെടുമോ?

പ്രിൻസ് രാജ്

യൂറോപ്പിലേക്കുള്ള അറബ്‌ലോകത്തിന്റെ കവാടമെന്നും അറബ്‌ലോകത്തേക്കുള്ള യൂറോപ്പിന്റെ പാലമെന്നുമൊക്കെ വിശേഷിപ്പിക്കപ്പെടുന്ന പശ്ചിമേഷ്യയിലെ താരതമ്യേന ചെറിയൊരു രാഷ്ട്രമായ ലെബനനിൽ പുതിയൊരു പാർലമെണ്ട് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ആകെയുള്ള 128 സീറ്റുകളിൽ 71ലും സാദ് ഹരീരിയുടെ നേതൃത്വത്തിലുള്ള സിറിയ, ഇറാൻ വിരുദ്ധമുന്നണിയാണ് ജയിച്ചത്.

2005ൽ ഒരു കാർ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ട മുൻ പ്രധാനമന്ത്രി റഫീക്ക് ഹരീരിയുടെ മകൻ സാദ് ഹരീരി നയിച്ച മുന്നണി തന്നെയായിരുന്നു കഴിഞ്ഞ തവണയും വിജയിച്ചത്. തുടർന്ന് ഫൗദ് സിനിയോറ പ്രധാനമന്ത്രിയായി ചുമതലയേറ്റിരുന്നു.



ലെബനനിലെ സാഹ്‌ലെയിലുള്ള ബൂത്തിൽ വോട്ടുചെയ്യാൻ ക്യൂ നില്ക്കുന്നവർ.



മുൻ പ്രധാനമന്ത്രി
റഫീക്ക് ഹരീരി

മുൻ അമേരിക്കൻ പ്രസിഡണ്ട് ജിമ്മി കാർട്ടറുടെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര നിരീക്ഷകസംഘം തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിൽ പൂർണതൃപ്തിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പതിറ്റാണ്ടുകളായി തുടരുന്ന പശ്ചിമേഷ്യയിലെ ഇസ്രായേൽ-പാലസ്തീൻ സംഘർഷത്തിന്റെ ജീവിച്ചിരിക്കുന്ന 'രക്തസാക്ഷി രാഷ്ട്രം' എന്ന് ലെബനനെ വിശേഷിപ്പിച്ചാലും തെറ്റില്ല. കാരണം നിരവധി തവണ ഇസ്രായേലിന്റെ പോർവിമാനങ്ങളും സൈനികടാങ്കുകളും ലെബനനിൽ പ്രവേശിച്ച് ചോരച്ചാലുകൾ തീർത്തിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ കുരുതി 2006 ജൂലൈയിലായിരുന്നു. ലെബനനിലെ ഷിയാ സായുധവിഭാഗമായ ഹിസ്ബുള്ള, രണ്ട് ഇസ്രായേലി സൈനികരെ തടവിലാക്കിയതിനെ തുടർന്നായിരുന്നു 34 ദിവസം നീണ്ടുനിന്ന അതിരൂക്ഷമായ പോരാട്ടം. ലെബനൻകാരായ ആയിരത്തിലധികം പേർ ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടു. എന്നാൽ ബഹുഭൂരിപക്ഷവും നിരപരാധികളായിരുന്നു. 159 ഇസ്രായേൽ സൈനികർക്കും ജീവൻ നഷ്ടപ്പെട്ടു.

വിദേശസൈന്യത്തിന്റെ, അതിർത്തി കടന്നുള്ള നടപടികൾക്കോ അധിനിവേശത്തിനോ ഇത്രയും വിധേയമായിട്ടുള്ള മറ്റൊരു രാജ്യം ഉണ്ടെന്നു തോന്നുന്നില്ല.

ലെബനനിന്റെ ചരിത്രത്തിലെ രക്തംപുരണ്ട കാലഘട്ടമാണ് 1975-1990. പതിനഞ്ചു വർഷം നീണ്ടുനിന്ന ആഭ്യന്തരകലാപത്തിൽ ഒന്നരലക്ഷത്തോളം ജീവൻ നഷ്ടപ്പെടുകയും പതിറ്റാണ്ടുകൾകൊണ്ടുപോലും പുന:സൃഷ്ടിക്കുവാൻ കഴിയാത്ത നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്തു.

പ്രസിഡണ്ട്, പ്രധാനമന്ത്രി, സ്പീക്കർ, പാർലമെണ്ടിലെ സീറ്റുവിഭജനം തുടങ്ങി ഭരണത്തിന്റെ എല്ലാ തലങ്ങളിലും വ്യക്തമായ, ഭരണഘടനാനുസൃതമായ വംശീയസംവരണം നിലനില്ക്കുന്നു.

ഇതുപ്രകാരം പ്രസിഡണ്ട് മാരണൈറ്റ് ക്രിസ്ത്യാനിയും പ്രധാനമന്ത്രി സുന്നി മുസ്ലീമും സ്പീക്കർ ഷിയാ മുസ്ലീമുമാണ്.

ഇസ്ലാംമതസ്ഥരാണ് ഭൂരിപക്ഷവും. പക്ഷേ, അവർ ഷിയ, സുന്നി, ഡ്രൂസ് എന്നീ പ്രധാനവിഭാഗങ്ങളായി വേർപിരിഞ്ഞുതന്നെ നില്ക്കുന്നു. ഇതുപോലെ തന്നെയാണ് മുപ്പത് ശതമാനത്തോളം വരുന്ന ക്രൈസ്തവർ. കത്തോലിക്കാസഭയുടെ ഭാഗമായിനിന്ന് പോപ്പിനെ അംഗീകരിക്കുന്ന മാരണൈറ്റ് വിഭാഗമാണ് ഇതിൽ ഭൂരിപക്ഷം. ഗ്രീക്ക് കാത്തലിക്ക്, ഗ്രീക്ക് ഓർത്തഡോക്സ്, അർമീനിയൻ കാത്തലിക്ക്, അർമീനിയൻ ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് എന്നിവരാണ് പ്രധാനപ്പെട്ട മറ്റ് ക്രിസ്ത്യൻ വിഭാഗങ്ങൾ.

സുന്നി, ഡ്രൂസ് എന്നീ മുസ്ലീംവിഭാഗങ്ങൾകൂടി ഭാഗമായുള്ള മുന്നണിയാണ് വൻവിജയം നേടിയിരിക്കുന്നത്. ഷിയാ വിഭാഗത്തിന്റെ പിന്തുണയോടെ മത്സരിച്ച ഹിസ്ബുല്ല പരാജയം ആവർത്തിച്ചു. തങ്ങൾ ജനവിധിയെ അംഗീകരിക്കുന്നതായി ഹിസ്ബുല്ല നേതാവ് ഹസ്സൻ നസ്റല്ലയും പറഞ്ഞു.



സിദോണിലെ ബൂത്തിൽ
വോട്ടുരേഖപ്പെടുത്തിയശേഷം
പ്രധാനമന്ത്രി ഫൗദ് സിനിയോറ.



സാദ് ഹരീരി വോട്ടു രേഖപ്പെടുത്തുന്നു.

## യഥാർത്ഥ 'ചെയ്ഞ്ച്' ഉണ്ടാവട്ടെ

പശ്ചിമേഷ്യയിലെ സ്ഥിതിഗതികളെ നിയന്ത്രിക്കുന്നതിൽ വാഷിംഗ്ടണിന് എന്നും വ്യക്തമായ സ്ഥാനമുണ്ട്. മാറ്റം എന്ന മുദ്രാവാക്യവുമുയർത്തി വൈറ്റ്ഹൗസിന്റെ പടികൾകയറിയ ബറാക് ഒബാമ, 'പശ്ചിമേഷ്യ'സംബന്ധിച്ച തന്റെ നയം വ്യക്തമാക്കിയിരിക്കുന്നു. പാലസ്തീനികൾക്ക് സ്വന്തമായൊരു രാഷ്ട്രം, അതോടൊപ്പം തന്നെ ഇസ്രായേലിന്റെ സുരക്ഷിതത്വം.

എല്ലാ രാജ്യങ്ങളുടെയും ജനതയുടെയും അവകാശങ്ങൾ ഉറപ്പുവരുത്താനും ശാശ്വത സമാധാനവും സഹവർത്തിത്വവും നിലനിർത്താനുമുള്ള ഏകമാർഗമെന്നത് ജനാധിപത്യവത്ക്കരണമാണ്. ആ വഴിയിലേക്ക്, അക്രമത്തിന്റെ പാത വെടിഞ്ഞ് ആത്മാർത്ഥതയോടെ കടന്നുചെല്ലുവാൻ ലെബനനിലെ ഹിസ്ബുല്ലയും പാലസ്തീനിലെ ഹമാസും ഒപ്പം ഇസ്രായേലിലെ ഒരുവിഭാഗം യുദ്ധക്കൊതിയൻമാരും തയ്യാറായാൽ ഒബാമയുടെ മുദ്രാവാക്യമായ 'ചെയ്ഞ്ച്', അസമാധാനത്തിന്റെ സ്വന്തം നാടായ പശ്ചിമേഷ്യയിലും പ്രാവർത്തികമാകും. അത് യാഥാർത്ഥ്യമാകട്ടെ എന്ന് പ്രത്യാശിക്കാം.

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK